പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 4245 | 24.10.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

## വ്യാജ മുട്ട നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ആർ. രാമചന്ദ്രൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് രാസവസ്തുക്കളുടെ മിശ്രിതം ഉപയോഗിച്ച് മുട്ട നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ നിന്ന് ഇത്തരം മുട്ടകൾ കണ്ടെത്തുകയുണ്ടായി എന്ന് വ്യക്തമാക്കുമോ; | എ) | ഇത്തരം വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ ഒരു പ്രദേശത്തുനിന്നും ഇത്തരം മുട്ടകൾ കണ്ടെത്തിയിട്ടില്ല. |
| ബി) | കടുത്ത ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്ന ഇത്തരം മുട്ടകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് കേസെടുത്തിട്ടുണ്ടോ; ഇത്തരം കേസുകൾ ഏത് വകുപ്പ് ചുമത്തിയാണ് എടുക്കാറുള്ളതെന്ന് വിശദമാക്കുമോ; ഇത്തരം മുട്ടകൾ തിരിച്ചറിയുന്നതിന് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | ബി) | പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി വ്യാജകോഴിമുട്ടകളാണെന്ന് പരാതി പറഞ്ഞിട്ടുള്ളവയുടെ സാമ്പിളുകൾ കേരള വെറ്റിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സെന്റർ ഫോർ എക്സലൻസ് ഇൻ പൗൾട്രി സയൻസ് എന്ന ഗവേഷണസ്ഥാപനത്തിൽ പരിശോധിപ്പിച്ച് പ്രസ്തുത മുട്ടകൾ കോഴിമുട്ടകളാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. അതിനാൽ കേസ്സുകൾ എടുത്തിട്ടില്ല. ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമം 2006 സെക്ഷൻ 3(1)22(i), 3(1)22(iii), 3(1)22(XI) എന്നിവ പ്രകാരം കേസെടുക്കാവുന്നതാണ്. ഇത്തരം മുട്ടകൾ വില്പനനടത്താത്തതുകൊണ്ട് ഇപ്പോൾ ബോധവത്കരണത്തിന്റെ ആവശ്യകതയില്ല. |
| സി) | വ്യാജ മുട്ടകൾ ഉത്പാദിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്ന | സി) | ഇതുവരെയുള്ള അന്വേഷണത്തിൽ വ്യാജമുട്ടകൾ കേരളത്തിൽ ഉത്പാദിപ്പിക്കുകയോ വില്പന നടത്തുകയോ ചെയ്യുന്നില്ല. ടി |

| | | | |
|---|---|---|---|
| | തിനും കടുത്ത ശിക്ഷ നൽകുന്നതിനും നിയമനിർമ്മാണം നടത്തുമോ; വിശദീകരിക്കുമോ? | | വാർത്ത അടിസ്ഥാനരഹിതമാണ്. എന്നാൽ കേരളത്തിൽ ഏതെങ്കിലും പ്രദേശങ്ങളിൽ വ്യാജ മുട്ടക ൾ ഉത്പാദിപ്പിക്കുന്നവരെ കണ്ടെത്തുകയാണെങ്കിൽ നിയമപ്രകാരമുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്. പ്രത്യേക നിയമനിർമ്മാണം നടത്തേണ്ട ആവശ്യകതയില്ല. ഇപ്പോൾ നിലവിലുള്ള ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ